"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് എം.സി.എഫ്., ആർ.ആർ.എഫ്.കളുടെ അഗ്നിസുരക്ഷ ക്രമീകരണം പരിശോധിക്കുന്നതിന് ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.708/2024/LSGD തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:- (1) സ.ഉ.(സാധാ)നം.113/2021/തസ്വഭവ തീയതി 16.01.2021.

(2) 11.10.2021-ലെ 4/ഡിസി1/2021/തസ്വഭവ നമ്പർ സർക്കുലർ.

(3) 02.02.2022-ലെ ഡബ്ല്യു.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ.

(4) സ.ഉ.(സാധാ) നം.617/2023/LSGD തീയതി 15.03.2023

(5) സ.ഉ.(സാധാ)നം.442/2024/തസ്വഭവ തീയതി 24.02.2024.

(6) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.03.2024-ന് നടന്ന യോഗത്തിലെ തീരുമാനം

**ഉത്തരവ്**

വയനാട് നെന്മേനി പഞ്ചായത്തിലെ ചുള്ളിയോട് ടൗണിന് സമീപമുള്ള പാഴ്വസ്തു സംഭരണ കേന്ദ്രത്തിൽ 25.03.2024-ൽ സംഭവിച്ച തീപിടിത്തത്തെ തുടർന്ന് സമീപത്തായി കിടന്ന് ഉറങ്ങിയിരുന്ന വ്യക്തിക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 26.03.2024-ന് യോഗം ചേർന്നിരുന്നു.

(2) പരാമർശം (6)-ലെ പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് എം.സി.എഫ്., ആർ.ആർ.എഫുകളുടെ അഗ്നിസുരക്ഷ ക്രമീകരണം പരിശോധിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ, ചുവടെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

i. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ)
ii. ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് പ്രതിനിധി (ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്ന പ്രതിനിധി)
iii. സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്/അസിസ്റ്റന്റ് സെക്രട്ടറി/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ
iv. ശുചിത്വമിഷന്റെ റിസോഴ്സ് പേഴ്സൺ.
v. ഹെൽത്ത് സൂപ്പർവൈസർ ( കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)

<u>കമ്മിറ്റിയുടെ ചുമതലകൾ താഴെ പറയും പ്രകാരമായിരിക്കും</u>

(1) പരാമർശം (5)-ലെ ഉത്തരവ് പ്രകാരമുള്ള ചെക്ക് ലിസ്റ്റ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ (validation) എന്ന് ഏപ്രിൽ 3 മുതൽ 5 വരെയുള്ള കാലയളവിൽ നേരിട്ട് ഓഡിറ്റ് നടത്തി റിപ്പോർട്ട് ഏപ്രിൽ 5-ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകേണ്ടതാണ്.നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ, അല്ലെങ്കിൽ പരിഹാര നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്നീ വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(2) നഗരസഭകളിലെ MCF / RRF മാലിന്യ സംഭരണ കേന്ദ്രങ്ങളിലെ ഫയർ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.ഡബ്ല്യു.എം.പി. ഏപ്രിൽ 5-ന് മുൻപായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

(5) പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ട് ഏപ്രിൽ 8-ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ ജനറൽ,ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പ്
ജില്ലാ കളക്ടർ,വയനാട്
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കമ്മറ്റി അംഗങ്ങൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 27-03-2024 16:17:52
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്